**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതാ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും കിഫ്ബി വഴിയുള്ള കടമെടുപ്പിനെ സംസ്ഥാന കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തെ ദേശീയപാതാ വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2013 ൽ രാജ്യത്തെ ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ ഡീ നോട്ടിഫൈ ചെയ്ത സാഹചര്യമായിരുന്നു ഉണ്ടായത്. 2016 ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ദേശീയപാതാ വികസനം സാധ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തി. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയേയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയേയും സന്ദർശിച്ച് ദേശീയപാത വികസനം സാധ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഒടുവിൽ ഭൂമി ഏറ്റെടുക്കലിന്റെ 25% കേരളം വഹിക്കാമെന്ന് ഉറപ്പുനൽകിയതോടെ ആണ് ദേശീയപാത 66 ന്റെ വികസനത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത്.<br><br>ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി മുഖേന 5580,73,80,071/- രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്.<br><br>എന്നാൽ ദേശീയപാതാ വികസനത്തിന് കേരളം കിഫ്ബി വഴി നൽകിയ പണം കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ദേശീയപാതാ പ്രവൃത്തികൾക്ക് സംസ്ഥാന വിഹിതം നൽകാനാവില്ലെന്ന് കേരളം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അത് അംഗീകരിച്ച കേന്ദ്ര സർക്കാർ നിർമ്മാണ സാമഗ്രികളുടെ GST, റോയൽറ്റി എന്നിവ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | വിവിധ ദേശീയപാതകളുടെ വികസനത്തിനായി ആവശ്യമുള്ള തുക എത്രയാണെന്ന് | (ബി) | (NHAI) നൽകിയ വിവരങ്ങൾ അനുബന്ധമായി നൽകുന്നു. |

| | | | |
|---|---|---|---|
| | കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | ദേശീയപാതാ വികസനത്തിനാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ദേശീയപാതാ വികസനം ദേശീയപാത അതോറിറ്റിയാണ് നിർവഹിക്കുന്നത്. എന്നാൽ കേരളത്തിലെ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിന്റെ ചെലവിന്റെ 25% സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാർ മുന്നോട്ട് വച്ചിരുന്നു. ഇനിയുള്ള NH പദ്ധതികളിൽ ഈ വിഹിതം നൽകുന്നതിൽ നിന്നും കേരളത്തെ ഒഴിവാക്കണം എന്ന് മുഖ്യമന്ത്രി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. GST/Royalty എന്നിവ സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ